**പതിനാലാം കേരള നിയമ സഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1749. 05-02-2019-ലെ മറുപടിക്ക്.

**അമരവിളയിൽ അസാപ് സ്കിൽ പാർക്ക്**

ചോദ്യം

ശ്രീ. കെ. ആൻസലൻ

ഉത്തരം

ഡോ. കെ.ടി. ജലീൽ
ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും
വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | നെയ്യാറ്റിൻകര അമരവിളയിൽ അസാപ് സ്കിൽ പാർക്കിന് ശിലാസ്ഥാപനം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | അസാപ് സ്കിൽ പാർക്കിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോയെന്ന് വിശദമാക്കാമോ; | ബി) & സി) | നെയ്യാറ്റിൻകര അമരവിള സ്കിൽ പാർക്ക് സ്ഥാപിക്കുവാൻ സിഡ്കോയുടെ ഉടമസ്ഥതയിലുള്ള ഭൂമി അസാപ്പിന് കൈമാറുകയുണ്ടായെങ്കിലും, പ്രസ്തുത ഭൂമിയിൽ നിലനിൽക്കുന്ന ടൈൽ ഫാക്ടറി പൊളിച്ചു നീക്കുവാൻ മുന്ന് തവണ ടെൻഡർ ക്ഷണിച്ചെങ്കിലും അസസ്മെന്റ് വാല്യൂവിനെക്കാൾ വളരെ കുറഞ്ഞ തുക ക്വാട്ട് (quote) ചെയ്യപ്പെട്ടതിനാൽ പ്രസ്തുത കെട്ടിടം പൊളിച്ചു നീക്കുവാൻ സാധിച്ചിട്ടില്ല.<br><br>മേൽപ്പറഞ്ഞ ഭൂമിയിൽ ഒരു റവന്യൂ റിക്കവറി കേസ് നിലനിൽക്കുന്നതായി പിന്നീട് അറിയാൻ കഴിഞ്ഞതും നിർമ്മാണം തുടങ്ങുന്നതിന് നിയമപരമായി തടസ്സമായി.<br><br>കൂടാതെ അമരവിള സ്കിൽ പാർക്കിന്റെ നടത്തിപ്പിനായി യോഗ്യരായ ഓപ്പറേറ്റിംഗ് പാർട്ണർ ആരും തന്നെ മുന്നോട്ടു വരികയുണ്ടായില്ല. ഈ സാഹചര്യത്തിൽ, ഇപ്പോൾ പ്രസ്തുത പദ്ധതി നിർത്തി വെയ്ക്കുവാനും കോൺട്രാക്ടറുടെ ബാധ്യതകൾ തീർപ്പാക്കുവാനും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |
| സി) | അസാപ് സ്കിൽ പാർക്കിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ